# കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3359 — 14/03/2018-ൽ മറുപടിയ്ക്ക്

## കുട്ടികളുടെ പരിപാലനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ഡി.കെ മുരളി | ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ<br>( ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) |
| ഇതര സംസ്ഥാനത്തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ? | നിലവിൽ ഐ.സി.ഡി.എസ് വഴി നൽകുന്ന സേവനങ്ങൾ ഇതര സംസ്ഥാനത്തൊഴിലാളികളുടെ കുട്ടികൾക്കുകൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിലെ നിർമ്മാണ മേഖലയിലും മറ്റ് തൊഴിൽ മേഖലകളിലും പ്രവർത്തിക്കുന്ന അന്യസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയങ്ങളിൽ പരിപാലിക്കുക എന്ന ഉദ്ദേശത്തോടെ 2017-18 സാമ്പത്തിക വർഷം കൊച്ചി അർബൻ II ഐ.സി.ഡി.എസ്-നു കീഴിലെ 76-ാം നമ്പർ അങ്കണവാടിയോടനുബന്ധിച്ച് പൈലറ്റ് പ്രൊജക്ട് ആയി മൊബൈൽ ക്രഷ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. രാവിലെ 7 മണി മുതൽ വൈകുന്നേരം 6 മണി വരെയാണ് പ്രവർത്തന സമയം. കുട്ടികളെ പരിപാലിക്കുന്നതോടൊപ്പം നിശ്ചിത പോഷകമൂല്യമുള്ള അനുപൂരക പോഷകാഹാരം ക്രഷിലെ കുട്ടികൾക്ക് നൽകുന്നുണ്ട്. കൂടാതെ 2018-19 സാമ്പത്തിക വർഷം ടി പദ്ധതി കൂടുതൽ കേന്ദ്രങ്ങളിൽ തുടങ്ങുന്നതിന് ബഡ്ജറ്റിൽ തുക വക കൊള്ളിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ